# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/07/ 2021

## മികച്ച സേവനത്തിനുള്ള കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 2021 ലെ അതിഉത്കൃഷ്ട സേവാ പതക് പുരസ്ക്കാരം കൊല്ലം സിറ്റി അഡീ. ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാന്

കൊല്ലം : വിശിഷ്ട സേവനത്തിനുള്ള അതിഉത്കൃഷ്ട സേവ പതക് കൊല്ലം അഡീ. ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാന് ലഭിച്ചു. 25 വർഷത്തിലധികം കേന്ദ്ര സംസ്ഥാന പോലീസുകളിൽ കറപുരളത്താ സേവനത്തിൽ ഏർപ്പെട്ടവരുടെ സമഗ്രസംഭാവനയും പ്രവർത്തന മികവും കണക്കിലെടുത്താണ് അതി – ഉത്കൃഷ്ട സേവ പുരസ്ക്കാരം നൽകുന്നത്. കഴിഞ്ഞ രണ്ട് വർഷങ്ങൾ തുടർച്ചയായി കുറ്റാന്വേഷണ മികവിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരം ഉൾപ്പെടെ മൂന്ന് ബാഡ്ജ് ഓഫ് ഹോണർ ബഹുമതിയും ലഭിച്ചിട്ടുണ്ട്. മെറിറ്റോറിയസ് സർവ്വീസ് പുരസ്ക്കാരവും മൂന്ന് തവണയും കൂടാതെ വിശിഷ്ട സേവനത്തിനുള്ള സംസ്ഥാന മുഖ്യമന്ത്രിയുടെ പുരസ്ക്കാരവും ലഭിച്ചിട്ടുണ്ട്. കൊല്ലം സിറ്റി പോലീസിൽ അഡീ. ഡെപ്യൂട്ടി കമ്മീഷണറായി സേവനത്തിലേർപ്പെട്ടിരിക്കുന്ന കാലയളവിലാണ് മൂന്ന് പുരസ്ക്കാരങ്ങൾ ലഭിച്ചത്. സംസ്ഥാനത്ത് കോളിളിക്കം സൃഷ്ടിച്ച നിരവധി കേസുകളിലെ അന്വേഷണോദ്ദ്യോഗസ്ഥനായിരുന്നു. കഞ്ഞങ്ങാട് രാജധാനി ജൂവലറി കവർച്ചക്കേസ്, കതിരൂർ മനോജ് വധകേസ്, ഷഹീദ്ബാവ കൊലക്കേസ്, ടി.പി വധക്കേസ്, കുപ്രസിദ്ധ അധോലോക കുറ്റവാളി രവിപൂജാരി പ്രതിയായ കൊച്ചി ബ്യൂട്ടിപാർലർ വെടിവയ്പ് കേസ്, ബ്യൂട്ടിഷ്യൻ അദ്ധ്യാപിക സുചിത്രപിള്ള വധക്കേസ് തുടങ്ങി നിരവധി കേസുകളിൽ അന്വേഷണ മികവ് തെളിയിച്ചിട്ടുണ്ട്.



കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ അതി ഉത്കൃഷ്ട സേവ പതക് ലഭിച്ച കൊല്ലം സിറ്റി അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാൻ